I/87771/2024

ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ.**DTETVM/129/2024-L3 (PLA)** തീയതി:**08-05-2024**

## പരിപത്രം

വിഷയം:- സാങ്കേതികം - വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസവകുപ്പ് - **AICTE** യുടെ അപ്രൂവൽ പ്രോസസ്സ് ഹാൻഡ്ബുക്ക് **2024-27** പ്രകാരം ഈ വകുപ്പിന് കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയമേഖലയിലെ സ്ഥാപനങ്ങളിലെ കോഴ്സുകൾ നിർത്തലാക്കുന്നതിനും വിദ്യാർത്ഥികളുടെ എണ്ണം കുറയ്ക്കുന്നതിനും അപേക്ഷകൾ സമർപ്പിച്ച സ്ഥാപനങ്ങൾ സർക്കാരിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം ലഭിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ അറിയിക്കുന്നത് - സംബന്ധിച്ച്

സൂചന :- **1.** ഈ വകുപ്പിന് കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയമേഖലയിലെ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകൾ.

മേൽ സൂചന പ്രകാരം **AICTE** യുടെ അപ്രൂവൽ പ്രോസസ്സ് ഹാൻഡ്ബുക്ക് **2024-27** പ്രകാരം ഈ വകുപ്പിന് കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയമേഖലയിലെ സ്ഥാപനങ്ങളിലെ കോഴ്സുകൾ നിർത്തലാക്കുന്നതിനും വിദ്യാർത്ഥികളുടെ എണ്ണം കുറയ്ക്കുന്നതിനും അപേക്ഷകൾ സമർപ്പിച്ച സ്ഥാപനങ്ങൾ സർക്കാരിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം **(NOC)** ലഭിക്കുന്നതിന് ചുവടെ പറയുന്ന രേഖകൾ സമർപ്പിക്കുന്നതിന് അറിയിക്കുന്നു.

**I.വിദ്യാർഥികളുടെ എണ്ണം കുറയ്ക്കുന്നതിന് / കോഴ്സുകൾ നിർത്തലാക്കുന്നതിന് സ്ഥാപനങ്ങൾ സമർപ്പിക്കേണ്ട രേഖകൾ**

1. സത്യവാങ്മൂലം 1,2
2. ലെറ്റർ ഓഫ് അണ്ടർടേക്കിംഗ്
3. സർവകലാശാല അഫിലിയേഷൻ ഉത്തരവ് (2023-2024, 2024-2025)
4. സർവകലാശാലയിൽ നിന്നും പ്രസ്തുത വിഷയങ്ങളിൻമേൽ ലഭിച്ച നിരാക്ഷേപസാക്ഷ്യപത്രം (NOC)
5. AICTE അംഗീകാരം (2023-2024, 2024-2025 )
6. ട്രസ്റ്റിൻറെ പ്രമേയം
7. പ്രോസസ്സിംഗ് ഫീസ് : 31,500/-

**NB :** (1) വിദ്യാർഥികളുടെ എണ്ണം കുറയ്ക്കുക / നിർത്തലാക്കുക എന്നീ ആവശ്യങ്ങൾക്ക് വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

(2) സ്ഥാപങ്ങളുടെ തുടരംഗീകാരത്തിനായി മേൽ പറഞ്ഞിരിക്കുന്ന രേഖകൾ സമർപ്പിച്ചിട്ടുള്ളത് ടി ആവശ്യങ്ങളിലേയ്ക്ക് ഉപയോഗിക്കുന്നതല്ല.

(3) മേൽ വിഷയത്തിൻമേൽ ഈ കാര്യാലയത്തിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾ മേൽ പറഞ്ഞിരിക്കുന്ന രേഖകളിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് സമർപ്പിക്കേണ്ട ആവശ്യമില്ല.

I/87771/2024

**Rajasree MS**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്വകാര്യ സ്വാശ്രയമേഖലയിലെ സ്ഥാപനങ്ങളിലെ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Rajasree Ms
Date: 08-05-2024 18:06:40